ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസം

ചെയർമാൻ, സംസ്ഥാന ലോട്ടറി ഏജന്റ്സ് & സെല്ലേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്

ഡോ. പി. കുസുമകുമാരി, അഡീഷണൽ ഡയറക്ടർ, ആർ.സി.സി., തിരുവനന്തപുരം

ഡോ. എബ്രഹാം ജോസഫ്, തിരുവനന്തപുരം

ശ്രീമതി ലക്ഷ്മി രാജീവ്, കവടിയാർ, തിരുവനന്തപുരം

കാരുണ്യ ഹെഡ് ഓഫീസിൽ ഭാഗ്യക്കുറി വകുപ്പിൽനിന്നും ജോയിന്റ് ഡയറക്ടർ തസ്തികയിൽ നോഡൽ ഓഫീസറായിട്ടുള്ള ഉദ്യോഗസ്ഥനാണ് കാരുണ്യയുടെ ഭരണനിർവ്വഹണം നടത്തുന്നത്. ജില്ലാതലത്തിൽ ജില്ലാ ഭാഗ്യക്കുറി ആഫീസിനോടനു ബന്ധിച്ച് ലെയ്സൺ ആഫീസറും ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരും കാരുണ്യ പദ്ധതിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ നടത്തിവരുന്നു.

## പി.എസ്.സി. നിയമനങ്ങൾ

7 (*7) ശ്രീ. കെ.എസ്. ശബരീനാഥൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് പി .എസ്.സി നിയമനത്തിൽ റിക്കാർഡ് നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം പരിഷ്കാരങ്ങളാണ് പരീക്ഷാ സമ്പ്രദായത്തിൽ പി.എസ്.സി വരുത്തിയിട്ടുള്ളത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ,

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആധുനിക സാങ്കേതിക വിദ്യ ഉപയുക്തമാക്കി തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളുടെ വേഗതയും കൃത്യതയും വർദ്ധിപ്പിച്ച് മുന്നോട്ടുപോകുകയാണ്. ഇതിന്റെ ഫലമായി വിജ്ഞാപനം മുതൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണംവരെയുള്ള നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഏറ്റവും കൂടുതൽ ഉദ്യോഗാർത്ഥികൾ പരീക്ഷ എഴുതി നിയമനം



LIBRARY ARCHIVES Kerala Legislative Assembly

ലഭിക്കുന്ന തസ്തികകളായ എൽ.ജി.എസ്., എൽ.ഡി.സി., അസിസ്റ്റന്റ്/ഓഡിറ്റർ തസ്തികകളുടെ നിയമനത്തിൽ ഒരു റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്ന മുറയ്ക്കുതന്നെ പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. യൂണിഫോംഡ് ഫോഴ്സ് തസ്തികകളുടെ നിയമനം വർഷാവർഷം നടത്തിവരുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചരിത്രനേട്ടം എന്നു വിശേഷിപ്പിക്കാവുന്നവിധത്തിൽ അസിസ്റ്റന്റ്/ഓഡിറ്റർ തസ്തികയുടെ നിയമനത്തിനായി അപേക്ഷ സമർപ്പിച്ച 5,17,364 പേർക്ക് 16-5-2015-ന് OMR പരീക്ഷ നടത്തി. 4-7-2015-ന് 5,30,157 അപേക്ഷകർ ഉണ്ടായിരുന്ന Secretary-Block Panchayat തസ്തിക, 489941 (4,89,610+316+15) അപേക്ഷകർ ഉണ്ടായിരുന്ന Municipal Secretary Grade III തസ്തിക എന്നിവയ്ക്കായി പരീക്ഷ നടത്തുകയുണ്ടായി. 27 വർഷത്തോളം പഴക്കമുണ്ടായിരുന്ന 3000-ലേറെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് തസ്തികകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. 18-5-2006 മുതൽ 30-10-2015 വരെയുള്ള പി.എസ്.സി.-യുടെ പ്രവർത്തന അവലോകന പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) ഓൺലൈൻ പരീക്ഷാ സമ്പ്രദായം കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ആവിഷ്കരിച്ചിട്ടുണ്ട്. ഓൺലൈൻ പരീക്ഷയിലൂടെ തെരഞ്ഞെടുപ്പിന്റെ വേഗതയും കൃത്യതയും കൂടുതൽ ഉറപ്പുവരുത്തുവാൻ സാധിക്കുന്നു. വനിതാ ഉദ്യോഗാർത്ഥികൾക്ക് അവരവർ ആവശ്യപ്പെടുന്ന താലൂക്കിൽത്തന്നെ പരീക്ഷയെഴുതുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ട്. വിജ്ഞാപനങ്ങളിൽത്തന്നെ പരീക്ഷാത്തീയതി പ്രസിദ്ധീകരിക്കുന്ന സംവിധാനം നിലവിൽവന്നു.

(സി) സാങ്കേതികവിദ്യയുടെ ഉപയോഗം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് മുതൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമന ശിപാർശ നൽകുന്നതുവരെയുള്ള മേഖലയിൽ വ്യാപിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളുമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുന്നോട്ടുപോകുന്നു. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം എന്നിവിടങ്ങളിൽ പി.എസ്.സി. സ്വന്തമായി ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ ഓൺലൈൻ പരീക്ഷാ കേന്ദ്ര നിർമ്മാണം പുരോഗമിക്കുന്നു. സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് വികേന്ദ്രീകൃതമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. (ആസ്ഥാന ആഫീസിൽ എത്തണമെന്ന് ആവശ്യം വേണ്ടി വരുന്നില്ല.) NCA ഒഴിവുകൾ ആറുമാസത്തിനുള്ളിൽ പരിപൂർണ്ണമായും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly